**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 464** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി മൂലമുള്ള അപകട സുരക്ഷാ മുൻകരുതൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** വൈദ്യുതി ലൈനുകളിലും തൂണുകളിലും ട്രാൻസ്ഫോമറുകളിലും നിന്നുമുള്ള മഴക്കാല അപകടസാധ്യതകൾ കണക്കിലെടുത്ത് സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം മുൻകരുതൽ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

**<u>മറുപടി:</u>** മഴക്കാലത്ത് വൈദ്യുത തൂണുകൾ, വൈദ്യുതി ലൈനുകൾ, ട്രാൻസ്ഫോർ-മറുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള അപകട സാധ്യതകൾ കണക്കിലെടുത്ത് പുറപ്പെടുവിച്ച സുരക്ഷാ മുൻകരുതൽ നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1) പൊട്ടിവീണ വൈദ്യുതി ലൈനുകൾ / സർവീസ് വയറുകൾ / വൃക്ഷങ്ങൾ വീണ് ഒടിഞ്ഞ പോസ്റ്റുകൾ എന്നിവ കണ്ടാൽ യാതൊരു കാരണവശാലും സ്പർശിക്കരുത്. ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസിൽ വിളിച്ച് പ്രസ്തുത ലൈൻ / സർവീസ് വയർ / പോസ്റ്റിലേക്കുള്ള സപ്ലൈ ഓഫാക്കി എന്നു ഉറപ്പു വരുത്തിയ ശേഷം മാത്രമേ അതിന് അടുത്തേക്ക് പോവുകയോ സ്പർശിക്കുകയോ ചെയ്യാവൂ. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ഫോണിൽ വിളിച്ചാൽ കിട്ടാത്ത പക്ഷം ടോൾ ഫ്രീ നമ്പരായ 1912 എന്ന കസ്റ്റമർ കെയർ നമ്പറിലോ അല്ലെങ്കിൽ സുരക്ഷ എമർജൻസി നമ്പരായ 9496010101 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

2) ഇടിമിന്നൽ ഉള്ളപ്പോൾ വൈദ്യുതി സംബന്ധമായ ജോലികൾ ഒഴിവാക്കി സുരക്ഷിതമായ സ്ഥാനത്തേക്ക് മാറി നിൽക്കണം.

3) ശക്തമായ കാറ്റും മഴയും ഇടിമിന്നലുകളും ഉള്ളപ്പോൾ, ടിവി, കമ്പ്യൂട്ടർ, മിക്സി, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ഇൻഡക്ഷൻ കുക്കർ, തേപ്പുപെട്ടി തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കരുത്. പ്ലഗിൽ ഘടിപ്പിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും പ്ലഗിൽ നിന്ന് ഊരി ഇടണം.

4) വൈദ്യുതി ലൈനിന് തൊട്ടുകിടക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റുവാനോ ചക്ക, മാങ്ങ എന്നിവ അടർത്തുവാനോ ഇരുമ്പ് തോട്ടി ഉപയോഗിക്കുവാനോ പാടില്ല.

5) വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഉള്ള വൈദ്യുതി വിതരണ ട്രാൻസ്ഫോർമർ, വൈദ്യുതി വിതരണ ബോക്സുകൾ എന്നിവയ്ക്ക് സമീപം പോകുന്നത് ഒഴിവാക്കണം.

6) വൈദ്യുതി ലൈനിലേക്ക് വീണ മരങ്ങളോ, മരക്കൊമ്പുകളോ സ്വയം നീക്കം ചെയ്യാൻ ശ്രമിക്കരുത് കെ.എസ്.ഇ.ബി. ഓഫീസിൽ വിവരം അറിയിക്കണം.

7) വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോമറുകൾ, പൊട്ടിവീണ വയറുകൾ, പൊട്ടിക്കിടക്കുന്ന സ്റ്റേകൾ എന്നിവയ്ക്ക് സമീപത്തേക്ക് കുട്ടികൾ പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

8) മഴക്കാലത്ത് മത്സ്യം പിടിക്കാനായി അനധികൃതമായി വൈദ്യുതി ഉപയോഗിക്കുന്നതും കൃഷിയിടങ്ങളിലെയും കന്നുകാലികളെയും സംരക്ഷിക്കാനായി അനധികൃത വൈദ്യുതി വേലി സ്ഥാപിക്കുന്നതും ലോഹ നിർമ്മിത വേലികളിൽ കൂടി വൈദ്യുതി കടത്തിവിടുന്നതും കാരണം നിരവധി പേർക്ക് അപകടം സംഭവിക്കുന്നുണ്ട്. ഈ പ്രവർത്തികൾ ശിക്ഷാർഹമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള സെക്ഷൻ ഓഫീസിലോ സേഫ്റ്റി എമർജൻസി നമ്പറിലോ അറിയിക്കേണ്ടതാണ്.

**(ബി)** മൺസൂൺകാല ദുരന്ത സാധ്യതകൾ കണക്കിലെടുത്ത് വൈദ്യുതത്തൂണുകളുടെയും അനുബന്ധ സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

**<u>മറുപടി:</u>** മൺസൂൺകാലത്ത് ശക്തമായ കാറ്റും മഴയും മൂലം മരങ്ങൾ വീണ് വൈദ്യുതി പോസ്റ്റുകൾ, കണ്ടക്ടറുകൾ, സർവീസ് വയറുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ വിതരണ ശൃംഖലാ ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം കണക്കിലെടുത്ത് അവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. ചില പ്രദേശങ്ങളിൽ പോസ്റ്റുകളുടെയും സർവീസ് വയറുകളുടെയും ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, നിലവിൽ വിതരണം നടത്തുന്ന കരാറുകാരിൽ നിന്ന് മുൻകൂറായി പോസ്റ്റുകൾ ലഭ്യമാക്കുന്നതിനും ആവശ്യത്തിലധികം സ്റ്റോക്കുള്ള ഓഫീസുകളിൽ നിന്ന് അടിയന്തര ആവശ്യകതയുള്ള സ്ഥലങ്ങളിലേക്ക് പോസ്റ്റുകൾ പുനർവിന്യസിച്ച് നൽകുന്ന-തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്രീകൃതമായി വാങ്ങി വിതരണം ചെയ്യുന്ന സർവീസ് വയറുകളുടെ ലഭ്യത അപര്യാപ്തമാകുന്ന സാഹചര്യങ്ങളിൽ, പ്രാദേശികമായി സർവീസ് വയറുകൾ വാങ്ങി കുറവ് നികത്തുന്നതിനുള്ള അനുമതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. എല്ലാ മേഖലകളിലും അടിയന്തര ആവശ്യങ്ങൾക്കായി വൈദ്യുതി പോസ്റ്റുകൾ, കണ്ടക്ടറുകൾ, സർവീസ് വയറുകൾ, ട്രാൻസ്ഫോർ-മറുകൾ എന്നിവ ഉൾപ്പെടെയുള്ള സാമഗ്രികളുടെ ലഭ്യത നിരന്തരം വിലയിരുത്തുകയും ആവശ്യമായ കരുതൽ ശേഖരം (Reserve Stock) നിലനിർത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ, കേന്ദ്രീകൃതമായി വാങ്ങി വിതരണം ചെയ്യുന്ന മറ്റ് സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സാഹചര്യങ്ങളിൽ അടിയന്തര പുനർവിന്യാസം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** വൈദ്യുതി മുടക്കം സംബന്ധിച്ച പരാതികളുടെ സമയബന്ധിത പരിഹാരത്തിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;സേവനങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ പ്രാദേശിക തലത്തിൽ ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** വൈദ്യുതി തടസ്സങ്ങൾ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ വിവിധ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 1912 എന്ന ടോൾ ഫ്രീ നമ്പർ വഴിയും, wss.kseb.in എന്ന വെബ്സൈറ്റ് വഴിയും, കെ.എസ്.ഇ.ബി.എൽ മൊബൈൽ ആപ്പ് വഴിയും ഉപഭോക്താക്കൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ, 9496001912 എന്ന നമ്പറിലൂടെ ഫോൺ, WhatsApp, SMS എന്നിവ മുഖേന പരാതികളും സേവന അഭ്യർത്ഥനകളും രജിസ്റ്റർ ചെയ്യുന്നതിനുള്ള ക്ലൗഡ് ടെലിഫോണി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സ്വയമേവ ബന്ധപ്പെട്ട സെക്ഷൻ

ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാകുന്നതിനാൽ പരാതി പരിഹാരം കൂടുതൽ വേഗത്തിലാക്കാൻ സാധിക്കുന്നു.

മൺസൂൺ കാലയളവിൽ ഉണ്ടായേ-ക്കാവുന്ന അടിയന്തര സാഹചര്യങ്ങൾ ഫലപ്രദമായി നേരിടുന്നതിനായി എമർജൻസി റെസ്പോൺസ് ടീമുകളും (ERT) ക്വിക്ക് റെസ്പോൺസ് ടീമുകളും (QRT) രൂപീകരിച്ച് പ്രവർത്തന-സജ്ജമാക്കിയിട്ടുണ്ട്. പ്രവർത്തനങ്ങളുടെ ഏകോപനത്തിനും തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിനുമായി സർക്കിൾ തല കൺട്രോൾ റൂമുകളും പ്രവർത്തിപ്പിച്ചുവരുന്നു. ഇതിലൂടെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ പരമാവധി വേഗത്തിൽ പരിഹരിച്ച് ഉപഭോക്താക്കൾക്ക് തടസ്സരഹിതമായ സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട പൊതുജന പരാതികൾ, വൈദ്യുതി തടസ്സങ്ങൾ, ഉപഭോക്തൃ സേവനങ്ങൾ, വികസന പ്രവൃത്തികൾ തുടങ്ങിയവ അവലോകനം ചെയ്യുന്ന-തിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി Local Advisory Committees രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ, വൈദ്യുതി തടസ്സങ്ങൾ, വിതരണ ശൃംഖലയുടെ പരിപാലനം, വികസന പ്രവൃത്തികളുടെ പുരോഗതി, ഉപഭോക്തൃ പരാതികൾ എന്നിവ അവലോകനം ചെയ്ത് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ.യുടെ അധ്യക്ഷതയിൽ നിയമസഭാ മണ്ഡലതല ഉപദേശക സമിതികളും രൂപീകരിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയം- ഭരണ സ്ഥാപന, നിയമസഭാ തിരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ പുതിയ ജനപ്രതിനിധികളെ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ സമിതികൾ പുനഃസംഘ-ടിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നൽകിയിട്ടുണ്ട്. കൂടാതെ, വിവിധ താലൂക്ക് തല അവലോകന യോഗങ്ങളിൽ കെ.എസ്.ഇ.ബി.എൽ. ന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലോക്കൽ അഡ്വൈസറി കമ്മറ്റികളും നിയമസഭാ മണ്ഡലതല ഉപദേശക സമിതികളും ആവശ്യമായ ഭേദഗതികളോടെ പുനഃസംഘടിപ്പിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

വൈദ്യുതി മുടക്കം സംബന്ധിച്ച പരാതികളുടെ സമയബന്ധിത പരിഹാരത്തിനായി സെൻട്രലൈസ്ഡ് കാൾ സെന്റർ നിലവിലുണ്ട്.

**(ഡി)** വൈദ്യുതി ലൈനിനോട് ചേർന്നുള്ള മരങ്ങൾ മുന്നറിയിപ്പില്ലാതെയും വിവേകരഹിതമായും മുറിച്ചുമാറ്റുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം മുറിച്ചുമാറ്റൽ സുതാര്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

**<u>മറുപടി:</u>** മരങ്ങൾ മുന്നറിയിപ്പില്ലാതെ വെട്ടിമാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈദ്യുതി തടസ്സങ്ങൾ പരമാവധി ഒഴിവാക്കുന്നതിനായി, പ്രീ-മൺസൂൺ പ്രവർത്തനങ്ങളുടെ ഭാഗമായി ലൈൻ റൂട്ടുകളോട് ചേർന്ന് വളരുന്ന വൃക്ഷശിഖരങ്ങൾ മഴക്കാലത്തിന് മുൻപുതന്നെ വെട്ടിമാറ്റി ആവശ്യമായ പ്രതിരോധ നടപടികൾ കെഎസ്ഇബിഎൽ സ്വീകരിച്ചുവരുന്നു. വൈദ്യുത വിതരണ ശൃംഖലയ്ക്ക് അപകട ഭീഷണി സൃഷ്ടിക്കുന്ന മരങ്ങൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട വസ്തു ഉടമകൾക്ക് നോട്ടീസ് നൽകുകയും, ആവശ്യമായ സാഹചര്യങ്ങളിൽ വൈദ്യുതി നിയമം, 2003-ലെ വകുപ്പ് 68(5) പ്രകാരം ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനാണ് നിയമം അനുശാസിക്കുന്നത്.

അപകടഭീഷണി ഉയർത്തുന്ന മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടികളിൽ ബന്ധപ്പെട്ട വസ്തു ഉടമകൾക്ക് മുൻകൂർ നോട്ടീസ് നൽകുന്നതും വൈദ്യുതി നിയമത്തിലും മറ്റ് ബാധകമായ നിയമങ്ങളിലും

അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങൾ കർശനമായി പാലിക്കുന്നതും ഉറപ്പാക്കണമെന്ന് എല്ലാ ഫീൽഡ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**